മേഖലയിൽ വരുന്ന ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, വടകര സാന്റ് ബാങ്ക്സ് തുടങ്ങിയ ടൂറിസം പദ്ധതികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി ഈ മേഖലയിലെ ടൂറിസം വികസനം കൂടുതൽ പുരോഗമിക്കുമെന്ന് കരുതപ്പെടുന്നു.

വലിയ പറമ്പ് ദ്വീപ് കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതി

81 (5999) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ് ദ്വീപ് കേന്ദ്രീകരിച്ച് എന്തൊക്കെ ടൂറിസം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ് ദ്വീപ് കേന്ദ്രീകരിച്ച് 20,30,400 രൂപയുടെ ഒരു പദ്ധതി ബേക്കൽ ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി നടപ്പാക്കാൻ ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്.

ടൂറിസം റോഡുകൾ

82 (6000) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലകളിലേക്ക് ടൂറിസം ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ റോഡുകൾ ഏതൊക്കെയെന്നും അവയുടെ നിലവിലുള്ള അവസ്ഥയെന്താണെന്നും വിശദമാക്കുമോ ;

(ബി) തിരുവമ്പാടി മണ്ഡലത്തിലെ കട്ടിപ്പാറ-ആനാട് ടൂറിസം റോഡിന് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.

(ബി) പുതിയ റോഡുകൾക്ക് ഭരണാനുമതി നൽകുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly